# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-4/30/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-4/30/2023 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ രാജീവ്, | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 11-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2023 | 11-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റോയ് ടി.എം, അസി. ഓഡിറ്റ് ഓഫീസർ
സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ വി.വി ആശ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഗിരീഷ് എസ്.എൻ | സെക്രട്ടറി | 01-04-2021 | 06-04-2021 |
| ജയ പി | സെക്രട്ടറി | 06-04-2021 | 05-05-2021 |
| ഗിരീഷ് എസ്.എൻ | സെക്രട്ടറി | 05-05-2021 | 01-07-2021 |
| ബിജു കെ.പി | സെക്രട്ടറി | 02-07-2021 | 05-10-2021 |
| ഗിരീഷ് എസ്.എൻ | സെക്രട്ടറി | 06-10-2021 | 08-11-2021 |
| സുരേഷ് കുമാർ | സെക്രട്ടറി | 09-11-2021 | 10-11-2021 |
| ജോയ് മാത്യു | സെക്രട്ടറി | 11-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അന്ന ആർ നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ധന്യ വി പൈ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷാഹുൽ കെ.ബി | എം.ഒ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകല | എം.ഒ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.സ്മിത ഷേണായി | എം.ഒ ഹോമിയോ | 01-04-2021 | 31-03-2022 |
| ലീന ഡെന്നീസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| സ്വപ്ന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 11-10-2021 |
| ദീപ്തി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-10-2021 | 31-03-2022 |
| ശ്രീകർ | പ്രഥമാധ്യപകൻ | 01-04-2021 | 06-12-2021 |
| ബിജു | പ്രഥമാധ്യപകൻ | 06-12-2021 | 31-03-2022 |
| മഹേഷ് | വി.ഇ.ഒ | 01-04-2021 | 28-06-2021 |
| സാദിഖ് | വി.ഇ.ഒ | 29-06-2021 | 14-11-2021 |
| പ്രതീഷ് | വി.ഇ.ഒ | 15-11-2021 | 31-03-2022 |
| അനീഷ് | അസി.എഞ്ചിനീയർ | 01-04-2021 | 16-10-2021 |
| മാലിനി | അസി.എഞ്ചിനീയർ | 18-10-2021 | 13-01-2022 |
| ദീപ്തി | അസി.എഞ്ചിനീയർ | 14-01-2022 | 31-03-2022 |
| പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 21-09-2021 |
| സിദ്ധ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് 2021-22 - ന്യൂനതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-10 |
| 12 | ഡി. & ഒ. ലൈസൻസ് - വിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് | 1-11 |
| 13 | പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ അക്കൗണ്ടിലേക്ക് തുടർന്നും പെൻഷൻ തുക നല്കി വരുന്നു. | 1-12 |
| 14 | തൻവർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുകയൊന്നും ചെലവഴിച്ചില്ല. | 1-13 |
| 15 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു. | 1-14 |
| 16 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല | 1-15 |
| 17 | ജങ്കാർ സർവ്വീസ് - അപാകതകൾ | 1-16 |
| 18 | സാക്ഷരതാ പ്രേരകിന് അഡ്വാൻസ് നല്കിയതുക തിരികെ ലഭ്യമായില്ല | 1-17 |
| 19 | ജങ്കാർ നടത്തിപ്പ് - വാടകയിനത്തിൽ അധികം നൽകിയത് 4350/- രൂപ | 1-18 |
| 20 | പദ്ധതി രൂപീകരണച്ചെലവിനുളള പ്രോജക്ടിൽ നിന്നും ഹരിതകർമ്മസേനയ്ക്കുള്ള ചെലവ് നടത്തി | 1-19 |
| 21 | പദ്ധതി രൂപീകരണച്ചെലവിനായുളള പ്രോജക്ടിൽ നിന്നും മറ്റു ചെലവുകൾ നടത്തി | 1-20 |
| 22 | പരസ്യം നൽകിയതിന് തുകഅനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല | 1-21 |
| 23 | പട്ടികവർഗ്ഗക്കാരുടെ ഭൂമി സംരക്ഷണത്തിനുള്ള തുക നഷ്ടപ്പെടാനിടയായി | 1-22 |
| 24 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - പ്രവൃത്തിക്ക് ബാധകമല്ലാത്ത ചരക്കു സേവന നികുതി അനുവദിച്ചു | 1-23 |
| 25 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - ചരക്കു സേവന നികുതിയിനത്തിൽ | 1-24 |

| | | |
|---|---|---|
| | അനുവദിച്ചത് 248261/-രൂപ | |
| 26 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ – ഫിഷറീസ് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 27 | നെൽകൃഷി വികസനം - ഫണ്ട് വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല | 1-26 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പ്രോജക്ട് നം. 70/21-22 | 1-27 |
| 29 | മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിൽ വീഴ്ച - 2022-23 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 18.77 ലക്ഷം രൂപ വെട്ടിക്കുറച്ചു. | 1-28 |
| 30 | പ്രീ-മൺസൂൺ, ശുചിത്വമിഷൻ ഫണ്ട്, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ എന്നിവയ്ക്കായി നല്കിയ തുകകളുടെ ചെലവുരേഖകൾ ഹാജരാക്കിയില്ല. | 1-29 |
| 31 | ഡെപ്പോസിറ്റ് വർക്ക് -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-30 |
| 32 | വാർഡ്-8 ഔഷധ സസ്യ കൃഷിക്ക് നിലമൊരുക്കൽ ST വിഭാഗം അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 655 | 1-31 |
| 33 | ഓഡിറ്റ് ഇംപാക്ട് | 1-32 |
| 34 | വാർഡ് -11 ഹോർട്ടി കൾച്ചർ ഫ്ലോറികൾച്ചർ ഹെർബൽ പ്ലാന്റേഷൻ - അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 205 | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പരസ്യം നൽകിയതിന് തുകഅനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല | 3-1 |
| 2 | കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം തുക നല്കി - നഷ്ടം -7628/- | 3-2 |
| 3 | നെൽകൃഷി വികസനം - ഫണ്ട് വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല | 3-3 |
| 4 | ജങ്കാർ നടത്തിപ്പ് - വാടകയിനത്തിൽ അധികം നൽകിയത് 4350/- രൂപ | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021- തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു-

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 137393292 | 135912216 |
| വാർഷികകണക്ക് പ്രകാരം | 94579738 | 100162304 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 16.05.2022 |

## 1-2-1 വാർഷിക കണക്ക് 2021-22 - ന്യൂനതകൾ

പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വിവിധ ഗ്രാന്റുകളുടെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല. ട്രഷറിയിൽ നിന്നും പാസ്സാകാത്ത തുകയുടെ റിക്വിസിഷൻ ക്യാൻസൽ ചെയ്യാതെ എ.സി.ആറിൽ ടി തുക ചെലവായി രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണം.

| ഗ്രാന്റിനം | ചെലവ്(AFS) | ചെലവ്(ACR) | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 6364943 | 6411075 | 46132 |
| വികസന ഫണ്ട് എസ്.സി.പി | 1248065 | 1368065 | 120000 |

2) ശാസ്താപുരം – ഷൺമുഖവെളി തോടിന് കവറിംഗ് സ്ലാബ് നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം ജലസേചന വകുപ്പിൽ നിക്ഷേപിച്ച 1524000/- രൂപ I-14ൽ ചെലവായി ബുക്ക് ചെയ്തതിനാൽ B-18ൽ ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

3) സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ബേസിക്) ലഭിച്ച 387637/- രൂപയും ചെലവഴിച്ചതായിട്ടാണ് എ.സി.ആറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി ഇനത്തിലെ യഥാർത്ഥ ചെലവ് 351614 രൂപ മാത്രമാണ്.

4) സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ (ടൈഡ്) ലഭിച്ച 2583800/- രൂപയിൽ 1853772/- രൂപ ചെലവഴിച്ചതായിട്ടാണ് എ.സി.ആറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി ഇനത്തിലെ യഥാർത്ഥ ചെലവ് 1742172/- രൂപ മാത്രമാണ്.

5) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ടോട്ടൽ സാനിട്ടേഷൻ നീക്കിയിരുപ്പ് 708655/- രൂപയും ടി.എസ്.സി പെർഫോമൻസ് ഗ്രാന്റ് (എസ്.ബി.എം) നീക്കിയിരുപ്പ് 2098676/-. രൂപയുമാണ്. എന്നാൽ ഷെഡ്യൂൾ B-17, RP-42(b) എന്നിവ അനുസരിച്ച് ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് യഥാക്രമം 601781രൂപയും 654814/- രൂപയുമാണ്

6) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കുവാനുള്ളതായി കാണിച്ചിരിക്കുന്ന തുക നെഗറ്റീവാണ് (-3000). ടിയിനത്തിൽ യഥാർത്ഥത്തിൽ തിരിച്ചടയ്ക്കേണ്ട തുകയേക്കാൾ 3000/- രൂപ അധികമായി തിരിച്ചടച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

7) തൻവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ ആകെ ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക കണക്ക് പ്രകാരം 317680/- രൂപയാണ്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റ് 369980/- രൂപയും കളക്ഷൻ 317680/- രൂപയും കുടിശ്ശിക 52300 രൂപയുമാണ്.

8) 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസിനത്തിൽ 7930/- രൂപയും റെഗുലറൈസേഷൻ ഫീസിനത്തിൽ 28366/- രൂപയും വരവുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത

പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10) ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ നാളിതുവരെയുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9050156 |
| വരവ് | 42529234 |
| ആകെ | 51579390 |
| ചെലവ് | 41899517 |
| നീക്കിയിരിപ്പ് | 9679873 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | തൻവർഷ ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 9128000 | 9128000 | 2396492 | 6364943 | 366565 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1713400 | 1713400 | 152508 | 1248065 | 312827 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) | 0 | 2087637 | 2087637 | 0 | 351614 | 36023 (ലാപ്സായി) 1700000 (ബാങ്ക്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5133800 | 5133800 | 0 | 1742172 | 841628 (ലാപ്സായി) 2550000 (ബാങ്ക്) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 3577900 | 3577900 | 0 | 97028 | 3480872 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4655443 | 48555443 | 0 | 2983147 | 1872296 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2021-22 | 152 | 34551149 | 124 | 19169153 | - | 28 | 81.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14868 | 1315608 | 1330476 | 1326329 | 4147 |

| | | | | | |
|---|---|---|---|---|---|
| ഉണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 31993671 | 31993671 | 31993671 | 00 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2021-2022 | |
|---|---|---|
| | ചെലവഴിച്ച തുക | ഉണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 156720 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 3820900 | 282 |
| വിധവാപെൻഷൻ | 5351500 | 386 |
| വാർദ്ധക്യകാല പെൻഷൻ | 11975100 | 1021 |
| വികലാംഗപെൻഷൻ | 1649000 | 117 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 459900 | 33 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37260/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ- വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
6. മരണം രജിസ്റ്റർ ചെയ്ത വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും പെൻഷൻ നല്കി വരുന്നതായി കാണുന്നു.
7. പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 2013 വർഷം മുതലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതെ ഡെപ്പോസിറ്റ് ഹെഡിൽ സൂക്ഷിക്കുന്നതായി കാണുന്നു.
8. സർക്കാർ മുൻകാലങ്ങളിൽ പ്രത്യേക പദ്ധതികൾക്കായി അനുവദിച്ചിരുന്നതും തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നതുമായ ഗ്രാന്റുകൾ വകമാറ്റി പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് വിനിയോഗിക്കുന്നതായി കാണുന്നു.
9. പഞ്ചായത്ത് ഭരണസമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
10. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് നൽകുന്നത് പേഴ്സണൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

പെരുമ്പളം ഗ്രാമപഞ്ചായത്ത് സി.എച്ച്.സി.യിലെ ജീവനക്കാർ 2021-22 സാമ്പത്തികവർഷം രണ്ട് അർദ്ധവർഷത്തെയും തൊഴിൽനികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/07.01.2023) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ഡി. & ഒ. ലൈസൻസ് - വിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

1. ഡി. & ഒ. ലൈസൻസ് രജിസ്റ്റർ ക്രമ നം. 50 – വിജീഷ് കുമാർ. റ്റി.വി. എന്ന അപേക്ഷകന് അപേക്ഷ പരിഹരിക്കാൻ കത്ത് നല്കി എന്നും, ക്രമ നം. 65 – സജീഷ് കെ.പി. എന്ന അപേക്ഷകന് ഫീസ് അടവാക്കാൻ കത്ത് നല്കി എന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി വ്യക്തികൾ ഡി. & ഒ. ലൈസൻസ് ഫീ അടവാക്കി ലൈസൻസ് എടുത്തിട്ടില്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

മെഡിക്കൽ ഷോപ്പുകൾ

ക്ലിനിക്കൽ ലാബുകൾ (ഒരെണ്ണം എടുത്തിട്ടുണ്ട്)

റേഷൻകടകൾ

അക്ഷയകേന്ദ്രങ്ങൾ

ക്ഷീരസംഘങ്ങൾ

കള്ളുഷാപ്പുകൾ

റിസോർട്ടുകൾ
ഓഡിറ്റോറിയങ്ങൾ

മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/07.01.23) മറുപടി ലഭ്യമാക്കിയില്ല.

നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.2019 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടേണ്ടതും തൊഴിൽനികുതി അടവാക്കേണ്ടതുമാണ്.
കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ അക്കൗണ്ടിലേക്ക് തുടർന്നും പെൻഷൻ തുക നല്കി വരുന്നു.

തൻവർഷം മരണം രജിസ്റ്റർ ചെയ്ത താഴെപ്പറയുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും തുക നല്കി വരുന്നതായി കാണുന്നു.

| പെൻഷണർ ഐ.ഡി. നം. | പേര്, വിലാസം | മരണം (രജി. നം.) | മരണശേഷം തുക നല്കിയ കാലയളവ് | അക്കൗണ്ട് നം. | ആകെ തുക |
|---|---|---|---|---|---|
| 104290100091 (കർഷക തൊഴിലാളി പെൻഷൻ) | ശാരദ, വടക്കേമണ്ണാരത്തിൽ, പെരുമ്പളംP.O, 688570 | 11.03.21 (59/21) | 4/2021 - 12/2022 | 67245055114 (SBIN0070435) | 1600 X 21 = 33600/- |

| | | | | | |
|---|---|---|---|---|---|
| 104290100060 | സരോജിനിയമ്മ, കരിമാംകുഴി, പെരുമ്പളം P. O | 09.08.21 (45/21) | ഫയൽ ആക്ടീവായി നിലനിൽക്കുന്നു. | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ തുക കൈമാറാൻ സാധിച്ചിട്ടില്ല. | 0 |
| 104290100078 | വേലപ്പൻ, കോതാട്ട്, പെരുമ്പളം P. O | 06.05.21 (31/21) | 6/21 - 11/22 | 67202737323 (SBIN0070435) | 1600x18 =28800/- |
| 104290100331 | രമാവതി, മണ്ണാരത്തിൽ, പെരുമ്പളം P. O | 11.01.2021 (13/21) | 02/21 - 11/22 | 67260578894 (SBIN0070435) | 1500x2 + 1600x20 =35000/- |
| 104290200504 (വാർദ്ധക്യകാല പെൻഷൻ) | വസുമതി, 6/203, പടിഞ്ഞാറെ കോട്ടയത്തുപറമ്പിൽ, പെരുമ്പളം P. O | 15.02.21 (18/21) | 03/21 - 11/22 | 67221749609 (SBIN0070435) | 600x21 =12600/- |
| 104290200762 | ലീല, 4/189, പുളിക്കിച്ചിറ, പെരുമ്പളം P. O, | 14.02.21 (16/21) | 03/21 - 11/22 | 67021272349 (SBIN0070435) | 1500x1+ 1600x20 =33500/- |
| ആകെ | | | | | 143500/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/10.01.23) മറുപടി ലഭ്യമാക്കിയില്ല. തുക കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 തൻവർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുകയൊന്നും ചെലവഴിച്ചില്ല.

ഗ്രാമപഞ്ചായത്തിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി തൻവർഷത്തെ പദ്ധതികൾക്കായി 4250000/- (ബേസിക് - 1700000/-, ടൈഡ് – 2550000/-) രൂപയും സ്പിൽ ഓവർ പദ്ധതികൾക്കായി രൂപയും 2971437/- (ബേസിക് - 387637/-, ടൈഡ് – 2583800/-) ഉൾപ്പെടെ ആകെ 72,21,437/- രൂപ അനുവദിച്ച് നൽകിയിരുന്നു. സ്പിൽ ഓവർ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ (2971437/-) നിന്നും 2093786/- രൂപ മാത്രമാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ പ്രോജക്ടുകൾക്കായി അനുവദിച്ച 4250000/- വിനിയോഗിച്ച് തൻവർഷം പ്രോജക്ടുകളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. തന്മൂലം സി.എഫ്.സി ഗ്രാന്റിന്റെ വിനിയോഗത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ ടി തുക നീക്കിയിരുപ്പുണ്ട്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാത്ത തുക അടുത്ത വർഷത്തെ പ്രോജക്ടുകൾക്കായി ചെലവഴിക്കാമെങ്കിലും ഓരോ വർഷത്തേയും ചെലവ് ശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള വർഷങ്ങളിലെ ഗ്രാന്റ് അനുവദിക്കുന്നതെന്നതിനാൽ വരും വർഷങ്ങളിൽ സി.എഫ്.സി ഗ്രാന്റിൽ ആനുപാതികമായ കുറവ് വരുവാൻ സാധ്യതയുണ്ട്.

പെരുമ്പളം പോലെ അടിസ്ഥാന സൗകര്യ വികസനത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ പദ്ധതി വിഹിതം ചെലവഴിക്കാതെ പാഴാക്കുന്നത് അംഗീകരിക്കാവുന്നതല്ല. പദ്ധതി വിഹിതം യഥാസമയം വിനിയോഗിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/10.1.2023) മറുപടി ലഭ്യമാക്കിയില്ല. ഇതിലേയ്ക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിച്ചതിൽ, സർക്കാർ മുൻകാലങ്ങളിൽ പ്രത്യേക പദ്ധതികൾക്കായി അനുവദിച്ചിരുന്നതും തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നതുമായ ഗ്രാന്റുകൾ വകമാറ്റി പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് വിനിയോഗിക്കുന്നതായി കാണുന്നു. വാർഷിക കണക്ക് ഷെഡ്യൂൾ B-4, B-17 എന്നിവ പരിശോധിച്ചിൻ പ്രകാരമുള്ള വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഗ്രാന്റ് ഇനം | 03/2022ലെ നീക്കിയിരുപ്പ് തുക | പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | തനത് ഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|
| ICDS Central Grant | 166535 | ------ | 166535 |
| ജംങ്കാർ ഗ്രാന്റ് | 616964 | ------ | 616964 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2807331 | 1256595 | 1550736 |
| SAGY Grant | 35065 | ----- | 35065 |
| വേമ്പനാട് കായൽ ശുചീകരണം, എനർജി മാനേജ്മെന്റ് എന്നിവയ്ക്കായി ലഭിച്ചത് | 723063 | -- | 723063 |
| ആകെ | | | 3092363 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ചുള്ള മേൽ പരാമർശിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ 03/2022ലെ നീക്കിയിരുപ്പ് തുകയാണ് മേൽ കാണിച്ചിട്ടുള്ളത്. ഇവ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ വാർഷിക കണക്ക് RP-42(b), B-17 എന്നിവ പ്രകാരം സ്റ്റേറ്റ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിലെ 03/2022ലെ യഥാർത്ഥ നീക്കിയിരുപ്പ് 12,21,129/- രൂപ മാത്രമാണ്. അതായത് മുൻകാലങ്ങളിൽ പ്രത്യേക ഉദ്ദേശ ഗ്രാന്റുകളായി ലഭിച്ച തുകയിൽ തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയ തുക പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കായി വിനിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. സാമ്പത്തികമായി വളരെയധികം പിന്നാക്കം നിൽക്കുന്ന പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ദൈനംദിന ചെലവുകൾക്ക് അപര്യപ്തമാണെന്നും സർക്കാരിൽ നിന്നും ലഭിക്കുന്ന വിടവ് നികത്തൽ ഫണ്ട് ഉൾപ്പെടെയുള്ള ധനസഹായം കൊണ്ടാണ് സ്ഥാപനത്തിന്റെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ നടക്കുന്നതെന്നും പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക ആവശ്യപ്പെടുന്നമുറയ്ക്ക് തിരിച്ചടക്കുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/10.1.23) മറുപടി നൽകിയത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ അതത് മേഖലകളിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 2013 വർഷം മുതലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാതെ ഡെപ്പോസിറ്റ് ഹെഡിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | നിക്ഷേപത്തിന്റെ വിവരം | 03/22വരെയുള്ള നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|
| 01 | 340100101 | Contractors EMD | 268947 | 02/2013 മുതലുള്ള നിക്ഷേപം |
| 02 | 340100102 | Suppliers EMD | 8816 | 02/2017-ന് ശേഷം ടി ഹെഡിൽ വരവില്ല. |
| 03 | 340100103 | Bidders EMD | 481514 | 03/2014 മുതലുള്ള നിക്ഷേപം |
| 04 | 340100201 | Contractors SD | 1145868 | 03/2014 മുതലുള്ള നിക്ഷേപം |
| 05 | 340100202 | Suppliers SD | 40454 | 03/2013 മുതലുള്ള നിക്ഷേപം |
| 06 | 340100203 | Bidders SD | 22340 | 07/2016 മുതലുള്ള നിക്ഷേപം |
| 07 | 340100301 | Contractors Retension | 30861 | 05/2014 മുതലുള്ള നിക്ഷേപം |

| | | | | |
|---|---|---|---|---|
| 08 | 340109901 | Other Deposit | 8042 | 02/2017-ന് ശേഷം ടി ഹെഡിൽ വരവില്ല. |
| 09 | 340200101 | Rent Deposit | 129000 | 04/2013 ൽ ലഭിച്ച ജങ്കാർ വാടകയായ 123000 ഉൾപ്പെടെ. |
| 10 | 340200102 | Auction Deposit | 300000 | 04/2016ൽ ലഭിച്ച ജങ്കാർ ലേലം ഡെപ്പോസിറ്റ് 300000. |

കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/7.1.23) മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട നിക്ഷേപ തുക എത്രയെന്ന് കണക്കാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ജങ്കാർ സർവ്വീസ് - അപാകതകൾ

I. ഐശ്വര്യം ജങ്കാർ സർവ്വീസ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഐശ്വര്യം ജങ്കാർ ടിക്കറ്റ് പിരിവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 11.5.21, 13.5.21, 16.7.21 എന്നീ ദിവസങ്ങളിൽ കളക്ഷൻ റിപ്പോർട്ട് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.

2. ടിക്കറ്റ് മെഷീൻ കേടാകുമ്പോൾ ഉപയോഗിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും വിവിധ നിരക്കിലുള്ള ടിക്കറ്റുകൾ പ്രിന്റ് ചെയ്ത് നല്കിയിട്ടുണ്ട്. ആയതു പ്രകാരം പിരിക്കുന്ന തുകകൾ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണത്തിന് 30.11.2021 ൽ താഴെപ്പറയുന്ന വിവിധ ടിക്കറ്റുകൾ പ്രകാരം 698/- രൂപ പിരിച്ചിട്ടുള്ളതായി കാണുന്നു. ആയത് ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിക്കറ്റ് മെഷീൻ പ്രകാരമുള്ള തുക (17381/-) മാത്രമേ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളൂ.

| ടിക്കറ്റ് ബുക്ക് നം. | ടിക്കറ്റ് ആരംഭം | ടിക്കറ്റ് അവസാനം | ഉപയോഗിച്ചത് | നിരക്ക് | തുക |
|---|---|---|---|---|---|
| 78 | 7932 | 7967 | 35 | 12 | 455 |
| 24 | 2327 | 2331 | 4 | 17 | 68 |
| 48 | 4701 | 4712 | 11 | 5 | 55 |
| 22 | 2145 | 2146 | 2 | 60 | 120 |
| ആകെ | | | | | 698 |

പട്ടികയിൽ 30.11.21 ലെ ടിക്കറ്റ് ആരംഭം എന്ന് കാണിച്ചിട്ടുള്ള ടിക്കറ്റുകൾക്ക് മുമ്പുള്ള ടിക്കറ്റുകളുടെ തുക അടവാക്കിയ വിവരം ഇത്തരത്തിൽ മറ്റ് ദിവസങ്ങളിൽ മാനവൽ ടിക്കറ്റുകൾ ഉപയോഗിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് പ്രകാരമുള്ള തുക പഞ്ചായത്തിൽ അടവാക്കിയിട്ടുള്ള വിവരം എന്നിവ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/10.1.23) മറുപടി ലഭ്യമാക്കിയില്ല.

II. പൂത്തോട്ട- വാത്തികാട്ട് ജങ്കാർ സർവ്വീസ്

1. 4.4.21 ലെ കളക്ഷൻ റിപ്പോർട്ടിനു പകരം 02.04.21 ലെ കളക്ഷൻ റിപ്പോർട്ടാണ് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ളത്.

2. പല ദിവസങ്ങളിലും രണ്ടു പ്രാവശ്യം കൺസോളിഡേറ്റഡ് കളക്ഷൻ റിപ്പോർട്ട് എടുത്തിരിക്കുന്നു. തുക ഒന്നിച്ചുകൂട്ടിയാണ് തുക അടുത്തദിവസം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

ഉദാ :- 15.4.21, 24.4.21, 08.9.21

3. ട്രിപ്പ് ഷീറ്റിൽ തുടർച്ചയായി പല ദിവസങ്ങളിലും മെഷീനിൽ സമയം വ്യത്യാസം കാണിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/10.1.23) മറുപടി ലഭ്യമാക്കിയില്ല.

മുൻവർഷ റിപ്പോർട്ടിലും ജങ്കാർ സർവ്വീസുമായി ബന്ധപ്പെട്ട അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും ആയതിൽ

പലതും പരിഹരിച്ചതായി കാണുന്നില്ല. ദിനം പ്രതിയുള്ള കളക്ഷൻ റിപ്പോർട്ടിന് നമ്പർ നല്കാത്തതിനാൽ ഇടയ്ക്ക് റിപ്പോർട്ട് എടുത്താലോ സർവ്വീസ് പൂർണ്ണമായും തീരുന്നതിനുമുമ്പ് കൺസോളിഡേറ്റഡ് കളക്ഷൻ റിപ്പോർട്ട് എടുത്ത് ആയതു പ്രകാരമുള്ള തുക മാത്രം പഞ്ചായത്തിൽ അടവാക്കുകയും പിന്നീടുള്ള സർവ്വീസിന്റെ തുകകൾ അടവാക്കാതിരുന്നാലോ പഞ്ചായത്തിന് അറിയാൻ സാധിക്കില്ല.

പഞ്ചായത്തിൽ അടവാക്കാനുള്ള 698/- രൂപയും മാനുവൽ രസീത് പ്രകാരമുള്ള കളക്ഷൻ തുകയും പഞ്ചായത്തിൽ അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 സാക്ഷരതാ പ്രേരകിന് അഡ്വാൻസ് നല്കിയതുക തിരികെ ലഭ്യമായില്ല

വൗച്ചർ നം. 71/15.5.21 (ചെക്ക് നം. 142693) പ്രകാരം തുക സാക്ഷരതാ മിഷനിൽ നിന്നോ സർക്കാരിൽ നിന്നോ തിരികെ ലഭ്യമാകുന്നമുറയ്ക്ക് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥയിൽ വേതനമിനത്തിൽ സാക്ഷരതാ പ്രേരകിന് അഡ്വാൻസ് നല്കിയിട്ടുള്ള 9000/- രൂപ നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. തുക റീക്ലപ്പ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ജങ്കാർ നടത്തിപ്പ് - വാടകയിനത്തിൽ അധികം നൽകിയത് 4350/- രൂപ

പ്രോജക്റ്റ് - ജങ്കാർ നടത്തിപ്പ്

പ്രോജക്റ്റ് നമ്പർ - S0009/22

ചെലവു വിവരം - ബിൽ നമ്പർ 43/2303-22 രൂപ 186386/-

വൗച്ചർ നമ്പർ 22100944/24-03-22 രൂപ 95639/-

വാത്തികാട് പൂത്തോട്ട ജങ്കാർ സർവ്വീസ് നടത്തുന്ന KSINCയുടെ ഉടമസ്ഥതയിലുള്ള ജങ്കാർ വാടകയ്ക്ക് എടുത്തിട്ടാണ്. പ്രതിദിന വാടക 14500/- രൂപയാണ്. ഒരു ദിവസം 20ട്രിപ്പ് നടത്തുന്നതിനാൽ ഒരു ട്രിപ്പിന് 725/-രൂപ (14500/20) നിരക്കിലാണ് വാടകയിനത്തിൽ നൽകുന്നത്. 02-09-21 ൽ വെച്ച കരാർ പ്രകാരം ട്രിപ്പ് മുടക്ക വരുന്ന ദിവസങ്ങളിൽ വാടക ഇളവു ചെയ്തു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നു. 2022 ഫെബ്രുവരി മാസം 389 ട്രിപ്പ് നടത്തിയതിന് 725/-രൂപ നിരക്കിൽ 282025/- രൂപ KSINCയ്ക്ക് നൽകിയിട്ടുണ്ട്. ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ 02-02-2022 ൽ ജങ്കാർ 14 ട്രിപ്പ് മാത്രമാണ് നടത്തിയത്. എന്നാൽ 20 ട്രിപ്പ് നടത്തിയെന്ന് കണക്കാക്കിയാണ് തുക അനുവദിച്ചിരിക്കുന്നത്. അധികം നൽകിയ 6 ട്രിപ്പിന്റെ തുക 4350/- (6X725) KSINC യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-11) മറുപടി നൽകിയില്ല.

## 1-19 പദ്ധതി രൂപീകരണച്ചെലവിനുള്ള പ്രോജക്റ്റിൽ നിന്നും ഹരിതകർമ്മസേനയ്ക്കുള്ള ചെലവ് നടത്തി

പ്രോജക്റ്റ് - പദ്ധതി രൂപീകരണച്ചെലവ്

പ്രോജക്റ്റ് നമ്പർ - S0001/22

ചെലവു വിവരം - ബിൽ നമ്പർ 18/22-01-22 രൂപ 27500/- (വികസന ഫണ്ട്)

ബിൽ നമ്പർ 25/15-02-22 രൂപ 3550/- (വികസന ഫണ്ട്)

പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിങ്ങ് ചെലവുകൾക്കായി ആവിഷ്കരിച്ച പ്രോജക്റ്റിൽപ്പെടുത്തി മേൽ സൂചിപ്പിച്ച ബിൽപ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വികസനഫണ്ടിൽ നിന്നും ചെലവുകൾ നടത്തി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഹരിതകർമ്മസേനയ്ക്ക് ID കാർഡ് | 2400 |
| ഹരിതകർമ്മസേനയ്ക്ക് കാർഡ് | 2500 |
| ഹരിതകർമ്മസേനയ്ക്ക് രസീതു ബുക്ക് | 2400 |
| ഹരിതകർമ്മസേനയ്ക്ക് രസീതു ബുക്ക് | 2750 |
| ബയോവേസ്റ്റ് ബിൻ നോട്ടീസ് | 800 |

| | |
|---|---|
| ആകെ | 10850 |

സർക്കാർ ഉത്തരവ് (സാധാ) 4/2021 തസ്വഭവ തീയതി 11-01-21, ജി.ഒ (ആർടി) നം 1250/2021 തസ്വഭവ തീയതി 02-07-21 എന്നിവ പ്രകാരം ഹരിത കർമ്മ സേനകളുടെ വരുമാനത്തിലെ കുറവു പരിഹരിക്കുന്നതിനായി VGF അനുവദിക്കാമെങ്കിലും മേൽപ്പറഞ്ഞ ചെലവുകൾ പദ്ധതി രൂപീകരണച്ചെലവിൽ നിന്നും അനുവദനീയമല്ല. അതിനാൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-9/09-01-23) മറുപടി നൽകിയില്ല.

## 1-20 പദ്ധതി രൂപീകരണച്ചെലവിനായുള്ള പ്രോജക്ടിൽ നിന്നും മറ്റു ചെലവുകൾ നടത്തി

പ്രോജക്ട് - പദ്ധതി രൂപീകരണച്ചെലവ് (സ്പിൽ ഓവർ പ്രോജക്ട്)

പ്രോജക്ട് നമ്പർ - S0082/22

ചെലവ് - 15/14-01-22 രൂപ 45920/-

മംഗളം, വീക്ഷണം ദിനപത്രങ്ങളിൽ വിൻഡോ പരസ്യം നൽകിയതിന് യഥാക്രമം 13920/- രൂപയും 32000/-രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

അപാകതകൾ

1. വീക്ഷണം ദിനപത്രത്തിൽ 26-06-20 ൽ വന്ന പരസ്യം ജങ്കാർ സ്റ്റാഫ് നിയമനവുമായി ബെന്ധപ്പെട്ടാണ്. മേൽച്ചെലവ് പദ്ധതി രൂപീകരണച്ചെലവിനത്തിൽ വരാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4500/- രൂപ (വീക്ഷണം പത്രത്തിന്റെ ബിൽ നമ്പർ -52496/26-06-20) തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

2.വീക്ഷണം ദിനപത്രത്തിൽ 2-10-20 ൽ വന്ന പരസ്യം MGNREGS പ്രവൃത്തികളുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഇതിനായി ചെലവഴിച്ച 4000/- രൂപ (വീക്ഷണം പത്രത്തിന്റെ ബിൽ നമ്പർ -52514/2-10-20) ബന്ധപ്പെട്ട ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -9/09-01-23) മറുപടി നൽകിയില്ല.

## 1-21 പരസ്യം നൽകിയതിന് തുകഅനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല

പ്രോജക്ട് - പദ്ധതി രൂപീകരണച്ചെലവ് (സ്പിൽ ഓവർ പ്രോജക്ട്)

പ്രോജക്ട് നമ്പർ - S0082/22

ചെലവ് - 15/14-01-22 രൂപ 45920/-

മംഗളം, വീക്ഷണം ദിനപത്രങ്ങളിൽ വിൻഡോ പരസ്യം നൽകിയതിന് യഥാക്രമം 13920/- രൂപയും 32000/-രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

വീക്ഷണം ദിനപത്രത്തിൽ പരസ്യം നൽകിയതിന് വിവിധ ബില്ലുകൾ പ്രകാരം 32000/- രൂപ അനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല. ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 04-01-2011, ഉത്തരവ് നം. ജി.ഒ(പി)നം.2/2020 തീയതി.10.12.2020) പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ പരസ്യങ്ങൾക്ക് 4800/-രൂപ (32000 @15%) ഡിസ്കൌണ്ട് ലഭിക്കേണ്ടതായിരുന്നു. എന്നാൽ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിക്കാതെയാണ് പത്രസ്ഥാപനം പരസ്യ ചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് ടി ബില്ലുകൾ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തത്. നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-9) മറുപടി നൽകിയില്ല.

## 1-22 പട്ടികവർഗ്ഗക്കാരുടെ ഭൂമി സംരക്ഷണത്തിനുള്ള തുക നഷ്ടപ്പെടാനിടയായി

പട്ടികവർഗ്ഗ വികസന വകുപ്പ് പെരുമ്പളം പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരുടെ ഭൂമി സംരക്ഷണത്തിനായി 2017-18 വർഷം കോർപ്പസ് ഫണ്ടായി 1110777/- രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയായി 350000/- രൂപ മാത്രമാണ് ചെലവഴിച്ചത്. പുനലൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 760777/- രൂപ വൗച്ചർ നം.877/24.2.22 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. 4 വർഷമായിട്ടും തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതുമൂലം ഫണ്ട് നഷ്ടപ്പെടാനിടയായി. തനത് വരുമാനം കുറവായ പഞ്ചായത്തിന് ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - പ്രവൃത്തിക്ക് ബാധകമല്ലാത്ത ചരക്കു സേവന നികുതി അനുവദിച്ചു

പ്രോജക്റ്റ് - സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

പ്രോജക്റ്റ് നം - S0117/22

ചെലവു വിവരം - ബിൽ നമ്പർ 23/09-02-22 രൂപ 215507/-

ബിൽ നമ്പർ 31/26-02-22 രൂപ 201768/-

ബിൽ നമ്പർ 241/30-03-22 രൂപ 12693/-

അരൂക്കുറ്റി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് KSEB തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വരുന്ന തുക 429968/-രൂപയാണ്. ടി തുക മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം KSEBയ്ക്ക് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ മേൽ തുകയിൽ 18% GST ഇനത്തിൽ 65588/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ വൈദ്യുത വൽക്കരണം, വൈദ്യുത വിതരണം എന്നിവ ഭരണഘടനയിലെ 243G വകുപ്പു പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നവ ആയതിനാൽ സേവനങ്ങൾ നികുതി രഹിതമാണ്. 06-03-2019 ലെ ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണറുടെ കാര്യാലയം ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. അതിനാൽ 65588/-രൂപ KSEBയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രവൃത്തിക്ക് 04-08-22 ൽ കരാർ വെച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. അതിനാൽ മേൽപ്പറഞ്ഞ തുക കഴിച്ചുള്ള 364380/- (429968 - 65588) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -10/09-01-23) മറുപടി നൽകിയില്ല.

## 1-24 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - ചരക്കു സേവന നികുതിയിനത്തിൽ അനുവദിച്ചത് 248261/-രൂപ

പ്രോജക്റ്റ് - സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

പ്രോജക്റ്റ് നം - S0181/22

ചെലവു വിവരം - XVFC/2022-23/D/1/21-04-22 രൂപ 1627489/-

പെരുമ്പളം ഗ്രാമഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അടിസ്ഥാന വിഹിതം) 17ലക്ഷം രൂപ വകയിരുത്തി ഏറ്റെടുത്തിരുന്ന പ്രോജക്റ്റ് നമ്പർ 118/22 എന്ന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ടി പദ്ധതി ഉപേക്ഷിക്കുവാനും ആയതിന്റെ തുകയായ 17ലക്ഷം രൂപ വകയിരുത്തി സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതി KSEBയിൽ ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുക്കുന്നതിനും 05-03-22ൽ ചേർന്ന കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നം 1(2)).

31-03-22 ലെ KSEB ഇലക്ട്രിക്കൽ ഡിവിഷൻ ചേർത്തല എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ DB/SL-AS-44/21-22 /EE/ED/CTLA കത്ത് പ്രകാരം വിവിധ വാർഡുകളിലേക്കുള്ള ലൈൻ എക്സ്റ്റെൻഷന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വരുന്ന തുക 1627489/-രൂപയാണ്. ടി തുക മേൽ വൗച്ചർ പ്രകാരം KSEBയ്ക്ക് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 248261/-രൂപ GST ഇനത്തിൽ ഉൾപ്പെട്ടതാണ്. ഗ്രാമീണ മേഖലയിലെ വൈദ്യുത വൽക്കരണം, വൈദ്യുത വിതരണം എന്നിവ ഭരണഘടനയിലെ 243G വകുപ്പു പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നവ ആയതിനാൽ സേവനങ്ങൾ നികുതി രഹിതമാണ്. 06-03-2019 ലെ ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണറുടെ കാര്യാലയം ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. അതിനാൽ 248261/-രൂപ KSEBയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രവൃത്തിക്ക് 11-07-22 ൽ കരാർ വെച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. അതിനാൽ മേൽപ്പറഞ്ഞ തുക കഴിച്ചുള്ള 1379228/- (1627489-248261) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-10/09-01-23) മറുപടി നൽകിയില്ല.

## 1-25 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ – ഫിഷറീസ് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഫിഷറീസ് ഇൻസ്പെക്ടർ തൻവർഷം നടപ്പാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ (പ്രോ.നം 59/22) എന്ന പ്രോജക്റ്റിനായി വികസന ഫണ്ടിൽ നിന്നും 63635/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും എട്ട്

വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഗ്രാമസഭ അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 28 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരിൽ എട്ട് പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ലിസ്റ്റിലെ ശേഷിക്കുന്നവർക്ക് ഫർണീച്ചർ വാങ്ങി നൽകാതിരുന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഡി.പി.സി അംഗീകരിച്ച പ്രോജക്ട്, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ, ടി പ്രോജക്ടിനായി 64000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ നിന്നാണ് എട്ട് പേർക്കായി 63635/- രൂപ ചെലവഴിച്ചത്. ചെലവഴിക്കുവാൻ കഴിയാതിരുന്നതുമൂലം തൻവർഷത്തെ വികസന ഫണ്ടിൽ നിന്നും 366565/- ലാപ്സായിട്ടുണ്ട്. വികസന ഫണ്ടിൽ തുക ഉണ്ടായിരുന്നിട്ടും മറ്റ് ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2) ഫർണീച്ചർ കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ടി ആനുകൂല്യം മുൻകാലങ്ങളിൽ നൽകിയിട്ടില്ലായെന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1) മഹാലക്ഷ്മി D/o ബൈജു

2) ദിവിൻ കൃഷ്ണ S/o മനു

3) കൃഷ്ണേന്ദു D/o വിജയൻ

4) ശ്രീരംഗൻ പി.ആർ S/o രതീഷ്

5) ആരാധ്യ D/o വിപിൻ

6) ആയില്യ D/o സുജിത്

7) അലക്സ് ജിതിൻ S/o ആന്റണി

8) സേതുലക്ഷ്മി D/o സുമേഷ്

ടി രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 08/7.1.23) മറുപടി ലഭ്യമാക്കിയില്ല. ഫിഷറീസ് വകുപ്പ് മുഖേന ആനുകൂല്യം നൽകിയിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 63635/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 നെൽകൃഷി വികസനം - ഫണ്ട് വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

കൃഷി ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ നെൽ കൃഷി വികസനം (പ്രോ.നം -52/22) എന്ന പ്രോജക്ടിനായി വകയിരുത്തിയ പദ്ധതി വിഹിതത്തിൽ നിന്നും ഓഫീസ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചതായി കാണുന്നു. നെൽ കൃഷി വികസനം എന്ന പ്രോജക്ടിനായി ആകെ 46580/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 990 കിലോഗ്രാം നെൽ വിത്ത് വാങ്ങുന്നതിനായി 41580/- രൂപയും അൺലോഡിംഗ് ചാർജ്ജിനത്തിൽ 900/- രൂപയും ഉൾപ്പെടെ 42480/- രൂപയാണ് പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന 4100/- രൂപ ഓഫീസ് ആവശ്യത്തിനായുള്ള ചൂല്, ബക്കറ്റ്, ഫോട്ടോകോപ്പി പേപ്പർ എന്നിവ വാങ്ങുന്നതിനും കമ്പ്യൂട്ടർ മെയിന്റനൻസിനുമാണ് വിനിയോഗിച്ചിട്ടുള്ളത്. നെൽ വിത്ത് വാങ്ങൽ എന്ന പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ നിന്നും ഇത്തരത്തിലുള്ള സ്റ്റേഷനറി ചെലവുകൾക്കായി തുക വിനിയോഗിച്ചത് ക്രമവിരുദ്ധമാണ്. ഡി.പി.സി അംഗീകരിച്ച പ്രോജക്ട് പ്രകാരമാണ് തുക വിനിയോഗിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 06/7.1.23) മറുപടി നൽകിയത്. പ്രോജക്ട് രേഖയിൽ നെൽകൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾക്കാണ് തുക വകയിരുത്തിയിച്ചുള്ളത്. മേൽ പറയുന്ന ചെലവുകൾ പ്രോജക്ടുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ക്രമവിരുദ്ധമായി ചെലവഴിച്ച 4100/- രൂപ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം. 01/20.10.21 – 41580/-

ബിൽ നം. 02/20.10.21 - 5000/-

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പ്രോജക്ട് നം. 70/21-22

1. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 25 പൾസ് ഓക്സി മീറ്റർ വാങ്ങിയിട്ടുണ്ട്. ആയതിനായി ലഭ്യമാക്കിയ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹോളിസ്റ്റിക് ഹൈജീൻ പ്രോഡക്ട്സ് & സർവ്വീസസ് എന്ന സ്ഥാപനത്തിന്റെ 30.4.2021 തീയതി രേഖപ്പെടുത്തിയ രണ്ട് ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ക്വട്ടേഷനുകളിൽ ഒരെണ്ണം 1500/- രൂപയും

13% നികുതിയും രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ക്വട്ടേഷനിൽ ആയത് 1770/- രൂപയും 13% നികുതിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 01.05.2021 ലെ 1500/- രൂപ നിരക്കിലുള്ള ടാക്സ് ഇൻവോയ്സും (തുക 42375/-) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 01.05.2021 ലെ തന്നെ 1770/- രൂപ നിരക്കിലുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളത് (തുക – 50003/-). ലഭ്യമായ രണ്ട് ടാക്സ് ഇൻവോയ്സുകളുടെയും നമ്പരും തീയതിയും 268/1.5.2021 എന്നതാണ്. ട്രഷറി ബിൽ (BRN No.) 0082757/25.5.21, രൂ.106140/-

2. കേവലം രണ്ടാഴ്ചയ്ക്കുശേഷം 17.05.2021 ൽ യുണീക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും ടാക്സ് ഇൻവോയ്സ് നം. 27 പ്രകാരം 1200/- രൂപ നിരക്കിൽ (നിരക്ക് 1061.95 + 13% നികുതി ) 25 പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട് (ട്രഷറി ബിൽ (BRN No.) 0082764/25.5.21, രൂ.30000/-). ഈ സ്ഥാപനത്തിൽ നിന്നും പൾസ് ഓക്സി മീറ്റർ വാങ്ങുന്നതിനുള്ള ക്വട്ടേഷനോ, വാങ്ങുന്നതിനുള്ള തീരുമാനമോ, അംഗീകാരമോ ഫയലിൽ ലഭ്യമല്ല.

3. ട്രഷറി ബിൽ (BRN No.) 1124971/14.2.22, രൂ.67265/- പ്രകാരം ഹോളിസ്റ്റിക് ഹൈജീൻ പ്രോഡക്ട്സ് & സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് മെഡിസിൻ ട്രോളികൾ, എസ്.എസ്. ട്രേ എന്നിവ ഉൾപ്പെടെ വിവിധ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. മേൽ സാധനങ്ങൾ വാങ്ങിയതിന്റെ ക്വട്ടേഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രകാരം സാധനവിലയിൽ വലിയ വ്യത്യാസം വന്നതിനും ഒരേ സ്ഥാപനത്തിന്റെ ഒരേ തീയതിയിലെ രണ്ടു ക്വട്ടേഷനുകൾ ലഭ്യമാക്കുകയും തൊട്ടടുത്ത ദിവസത്തെ ഒരേ നമ്പരിലുള്ള രണ്ട് ടാക്സ് ഇൻവോയ്സുകളിൽ കൂടുതൽ തുകയുള്ള ഇൻവോയ്സ് പ്രകാരം തുക നല്കിയതിനും വിശദീകരണം ലഭ്യമാക്കുവാനും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകളും ഹാജരാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/7.01.23) മറുപടി ലഭ്യമാക്കിയില്ല.
ആദ്യഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പൾസ് ഓക്സി മീറ്റർ വാങ്ങുന്നതിനായി അധികം നല്കിയ തുക 7628/-(50003-42375) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റു ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ക്വട്ടേഷൻ വിവരങ്ങളും സ്റ്റോക്ക് വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിൽ വീഴ്ച - 2022-23 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 18.77 ലക്ഷം രൂപ വെട്ടിക്കുറച്ചു.

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതമായി 3577900/- രൂപ വിവിധ അലോട്ട്മെന്റുകളായി അനുവദിച്ചിരുന്നു. എന്നാൽ ഇതിൽ നിന്നും കേവലം 97028/- രൂപ മാത്രമാണ് റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 2.71% മാത്രം). 2021-22 സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ, അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 9 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കുന്നതിനായി ഏറ്റെടുത്തത് (ആറ് സ്പിൽ ഓവർ പ്രോജക്ടുകളും മൂന്ന് പുതിയ പ്രോജക്ടുകളും). മുൻവർഷം നടപ്പാക്കിയതും ക്യൂ ബില്ലിൽ ഉൾപ്പെട്ടതുമായ മൂന്ന് പ്രോജക്ടുകൾ ഉൾപ്പെടെ നാല് സ്പിൽ ഓവർ പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ഇതിനായി വികസന ഫണ്ടിൽ നിന്നും 260750/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സ്പിൽ ഓവർ ഗ്രാന്റ് ) നിന്നും 185216/- രൂപയും മെയിന്റനൻസ് (റോഡ്) ഗ്രാന്റിൽ നിന്നും 97028/- രൂപയും മെയിന്റനൻസ് (നോൺ റോഡ്) ഗ്രാന്റിൽ നിന്നും 21754/- രൂപയും ഉൾപ്പെടെ ആകെ 564748/- രൂപ മാത്രമാണ് ചെലവഴിച്ചത്.
പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി വളരെ ദയനീയമാണ്. പൊട്ടിപ്പൊളിഞ്ഞ ഗ്രാവൽ റോഡുകളും, മെറ്റൽ റോഡുകളുമാണ് അധികവും. PWD റോഡുകൾ തീരെയില്ലാത്ത പെരുമ്പളം പഞ്ചായത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ റോഡുകളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഈ സാഹചര്യത്തിൽ പശ്ചാത്തല മേഖലയുടെ വികസനത്തിനായി അനുവദിക്കുന്ന ഗ്രാന്റുകൾ ഇത്തരത്തിൽ ലാപ്സാക്കുന്നത് അംഗീകരിക്കാവുന്നതല്ല. പെരുമ്പളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ എത്തിച്ച് പ്രവർത്തികൾ നടപ്പാക്കുവാൻ ബുദ്ധിമുട്ടായതിനാൽ കരാറുകാർ പ്രോജക്ടുകൾ ഏറ്റെടുക്കാത്തതാണ് പ്രതിസന്ധിക്ക് കാരണമെന്നാണ് അസി.എഞ്ചിനീയർ വാക്കാൽ മറുപടി നൽകിയത്. ഈ വിഷയത്തിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവയുടെ അടിയന്തര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.
തൻവർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതമായി ലഭിച്ച 3577900/- രൂപ ചെലവഴിക്കാതിരുന്നത് മൂലം 2022-23 വർഷത്തേയ്ക്ക് 17,00,000/- മാത്രമാണ് അനുവദിച്ചത്.

## 1-29 പ്രീ-മൺസൂൺ, ശുചിത്വമിഷൻ ഫണ്ട്, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ എന്നിവയ്ക്കായി നല്കിയ തുകകളുടെ ചെലവുരേഖകൾ ഹാജരാക്കിയില്ല.

വൗച്ചർ നം. 34/15.4.21 പ്രീ-മൺസൂൺ – 130000/-, വൗച്ചർ നം. 547/24.11.21 – ശുചിത്വമിഷൻ ഫണ്ട്- 130000/- പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ – 10000/- എന്നിങ്ങനെ 270000/- രൂപ മെഡിക്കൽ ഓഫീസർക്ക്

നല്കിയിട്ടുണ്ട്. ആയതിന്റെ ചെലവുരേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/7.01.23) മറുപടി ലഭ്യമാക്കിയില്ല. ചെലവുരേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ തുക 270000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-30 ഡെപ്പോസിറ്റ് വർക്ക് -പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് - ശാസ്താംവെളി ഷൺമുഖപുരം തോട് സൈഡ് പ്രൊട്ടക്ഷൻ കവർസ്ലാബ് നിർമ്മാണം

പ്രോജക്ട് നമ്പർ - S0088/22

ചെലവു വിവരം - ബിൽ നം 22/09-02-22 രൂപ 1524000/-

ശാസ്താംവെളി ഷൺമുഖപുരം തോടിന്റെ സൈഡ് പ്രൊട്ടക്ഷനും കവർസ്ലാബ് നിർമ്മിക്കുന്നതിനുമുള്ള പദ്ധതിക്ക് ആലപ്പുഴ ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർ 15.24ലക്ഷം രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. മേൽ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ടി തുക മേൽകാര്യാലയത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥാപനവുമായി, ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-10/09.01.2023) മറുപടി നൽകിയില്ല.

## 1-31 വാർഡ്-8 ഔഷധ സസ്യ കൃഷിക്ക് നിലമൊരുക്കൽ ST വിഭാഗം അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 655

പ്രോജക്ട് - ഔഷധ സസ്യ കൃഷിക്ക് നിലമൊരുക്കൽ ST വിഭാഗം - വാർഡ്-8

അളവു പുസ്തകം - 5/21-22

ST കുടുംബങ്ങൾക്ക് MGNREGS പദ്ധതിയിൽപ്പെടുത്തി ഔഷധ സസ്യകൃഷി ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ചെയ്തു നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. സർവ്വേ നമ്പർ 344/12 കരം അടച്ച രസീത് പ്രകാരം 2266m$^2$ സ്ഥലം ആണ് ഉള്ളത്. ആയതിൽ കെട്ടിട വിസ്തീർണം കുറവു ചെയ്തതിന് ശേഷമുള്ള 2140m$^2$ ഭൂമി പുല്ലും മറ്റു ചെടികളും വെട്ടികളഞ്ഞതിനു ശേഷം വൃത്തിയാക്കി കിളച്ച് 12 മീറ്റർ നീളത്തിലും 1.20 മീറ്റർ വീതിയിലും 50cm കനത്തിലും ബെഡുകൾ കോരി 3000 തൈകൾ നട്ട് കൃഷി ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. രണ്ടു വർഷത്തെ പരിപാലനം നടത്തുന്നതിനും ആവശ്യമായ തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കൃഷി ചെയ്യുന്നതിന് സ്ഥലം വിട്ടു കൊടുത്തുകൊണ്ടുള്ള സമ്മത പത്രത്തിൽ 56 സെന്റ് സ്ഥലമാണ് സൂചിപ്പിച്ചിരിക്കുന്നത്. (സർവ്വേ നമ്പർ 344/12 22.66 ആർ). മേൽ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് കൃഷിക്ക് ലഭ്യമായ സ്ഥലം 2140m$^2$ മാത്രമുള്ളപ്പോൾ 2652.08 M$^2$ സ്ഥലം വൃത്തിയാക്കിയതായാണ് അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ.

2. എസ്റ്റിമേറ്റ് പ്രകാരം 12x1.2x0.50 മീറ്റർ അളവിലുള്ള രണ്ടു ബെഡാണ് 40 M$^2$ സ്ഥലത്ത് നിർമ്മിക്കാവുന്നത്. ഇതനുസരിച്ച് 2140 M$^2$ സ്ഥലത്ത് നിർമ്മിക്കാവുന്ന ബെഡുകൾ 107 എണ്ണമാണ്. എന്നാൽ മേൽപ്പറഞ്ഞ അളവിൽ നിർമ്മിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് 116 എണ്ണം.

3. 3000 എണ്ണം നടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നാൽ 4000 ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഒരു ബെഡിൽ 60 ചെടികൾ നടാമെന്നാണ് എസ്റ്റിമേറ്റ്. 4000 ചെടികൾ നടുന്നതിന് ആവശ്യമായ ബെഡുകൾ 67 (4000/60) എണ്ണം. എന്നാൽ 116 ബെഡുകൾ നിർമ്മിച്ചതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

4. രണ്ടു വർഷത്തെ പരിപാലനം നടത്തുന്നതിനും ആവശ്യമായ തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും തൻവർഷം പരിപാലനം നടത്തിയിട്ടില്ല. (നടീൽ പൂർത്തീകരിച്ചിരിക്കുന്നത് 26-03-2022 ൽ)

മേൽപ്പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ 4000 ചെടികൾ നടുന്നതിനാവശ്യമായ തൊഴിൽ ദിനങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | സൈറ്റ് ക്ലിയറിങ്ങ് 2140 @ 0.0233 | 50 |
| 2 | എർത്ത് വർക്ക് (ബെഡ് തയ്യാറാക്കൽ)<br>67 X 12 X1.2 X0.50 = 482.4 M$^3$ @ 0.55 | 266 |
| 3 | തൈകൾ നടൽ | 20 |

| | | |
|---|---|---|
| | 4000 @0.0050 | |
| | ആകെ | 336 |

എന്നാൽ ടി പ്രവൃത്തിക്കായി അനുവദിച്ചത് 991 തൊഴിൽ ദിനങ്ങളാണ്. (26-03-22 വരെ അനുവദിച്ചത്) അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 655 (991-336). ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -13/09-01-23) നൽകിയ മറുപടി ചുവടെ കൊടുക്കുന്നു.

കരം തീർത്ത രസീത് പ്രകാരം 2266 $M^2$ സ്ഥലമാണുള്ളത്. എന്നാൽ ടി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന പുരയിടങ്ങൾ അതിർത്തി കെട്ടി തിരിക്കാതിരുന്നവ ആയതിനാൽ തൊഴിലാളികൾ പ്രവൃത്തി ചെയ്തപ്പോൾ ടി സ്ഥലവും അതിനോട് ചേർന്നുകിടന്ന സ്ഥലവും വൃത്തിയാക്കി സ്ഥമുടമയുടെ സമ്മതപ്രകാരം കൃഷി ചെയ്യുകയായിരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. പല തരത്തിലുള്ള ഔഷധ സസ്യങ്ങളായതിനാൽ ഓരോ ചെടിക്കും ആവശ്യമായ സ്പേസിങ്ങിൽ ബെഡുകളിൽ നടുകയായിരുന്നുവെന്നും പ്രവൃത്തി ചെയ്ത പ്രകാരമുള്ള അളവുകളാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്. SECURE ൽ ചെയ്ത എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ കഴിയാതിരുന്നതിനാൽ ചെയ്ത പ്രവൃത്തി പ്രകാരമുള്ള തുക എസ്റ്റിമേറ്റിൽ അധികരിക്കാതെ നൽകിയെന്നുമാണ് അറിയിച്ചിരിക്കുന്നത്. കൂടുതൽ സ്ഥലത്ത് കൃഷിചെയ്തുവെന്നത് അംഗീകരിച്ചാൽ തന്നെ 12x1.2x0.50 മീറ്റർ അളവിലുള്ള ഒരു ബെഡിൽ വിവിധ തരത്തിലുള്ള 60 ചെടികൾ നടാമെന്നാണ് എസ്റ്റിമേറ്റിൽ പറയുന്നത്. അതിനാൽ 4000 ചെടികൾ നടുന്നതിന് മേൽപ്പറഞ്ഞ പ്രകാരം 67 ബെഡുകൾ മതിയാകും. അതിനാൽ അധികമായി തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. എസ്റ്റിമേറ്റിൽ ഡിസ്‌പ്ലേ ബോർഡിന് അനുവദിച്ചിരിക്കുന്ന നിരക്ക് 1500 ആണ്. എന്നാൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 2500/- എന്നാണ്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 1500/- രൂപയിൽ പരിമിതപ്പെടുത്തിയേ തുക നൽകുവെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

## 1-32 ഓഡിറ്റ് ഇംപാക്ട്

MGNREGS പദ്ധതിയിൽപ്പെടുത്തി ചെയ്ത പാറയിൽ ബണ്ട് പുനരുദ്ധാരണ പ്രവൃത്തിക്ക് 27 മുള 500/- രൂപ നിരക്കിൽ 13500/- ചെലവഴിച്ച് വാങ്ങിയ വകയിൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി. സിന്ധു ഉണ്ണികൃഷ്ണൻ അപേക്ഷ നൽകിയിരുന്നു. മേൽ പ്രവൃത്തിയുടെ അളവ് പുസ്തകം 193/21-22പേജ് 1ൽ 18 എണ്ണം സ്റ്റാക്ക് ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ 12285/- (18X682.50) അനുവദിച്ചിട്ടുണ്ട്. എന്നാൽ 18 മുള വാങ്ങിയതിന് ചെലവാകുന്നത് 9000/- (18X500) രൂപയാണ്. അതിനാൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതു പ്രകാരം അധികം നൽകാനിടയാകുന്നത് 3285/- (12285-9000). ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-12/09-01-23) തുക നൽകിയിട്ടില്ലാത്തതിനാൽ തെഴിലാളികൾക്ക് മുള ലഭിച്ച നിരക്കിൽ തന്നെ തുക പരിമിതപ്പെടുത്തിയേ നൽകു (9000/-) എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്.

## 1-33 വാർഡ് -11 ഹോർട്ടി കൾച്ചർ ഫ്ലോറികൾച്ചർ ഹെർബൽ പ്ലാന്റേഷൻ - അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 205

പ്രോജക്ട് - ഹോർട്ടി കൾച്ചർ ഫ്ലോറികൾച്ചർ ഹെർബൽ പ്ലാന്റേഷൻ - വാർഡ് -11

MGNREGS പദ്ധതിയിൽപ്പെടുത്തി ബ്ളോക്ക് പ്ലാന്റേഷൻ ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ചെയ്തു നൽകുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റാണ് എടുത്തിരിക്കുന്നത്. വിവിധ തരത്തിലുള്ള 2000 ഫല വൃക്ഷ ഔഷധ സസ്യങ്ങൾ നടുന്നതിനും ഇവ രണ്ടു വർഷം പരിപാലിക്കുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ആദ്യ വർഷം 110 ദിവസത്തേക്കും രണ്ടാം വർഷം 80 ദിവസത്തേക്കുമാണ് തൊഴിൽ ദിനങ്ങൾ അനുവദിച്ചിരിക്കുന്നത്. 2000 തൈകൾ നട്ട് ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിന് ആവശ്യമായ തൊഴിൽ ദിനങ്ങളുടെ എണ്ണം എസ്റ്റിമേറ്റ് പ്രകാരമുള്ളത് ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | സൈറ്റ് ക്ലിയറിങ്ങ് | 105 |
| 2 | എർത്ത് വർക്ക് | 22 |
| 3 | തൈകൾ നടൽ | 240 |
| | ആകെ | 367 |
| 4 | പരിപാലനം 110 ദിവസത്തേക്ക് | 418 |

| | | |
|---|---|---|
| | (2000X110 = 220000@0.0019) | |
| | മൊത്തം | 785 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. തൈകൾ നട്ട് 110 ദിവസം പരിപാലിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറിക്കിയിട്ടുള്ളത്. എന്നാൽ 140 ദിവസം പരിപാലിച്ചതായാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 02-12-21 ൽ ആരംഭിച്ച പ്രവൃത്തി 22-03-22 ൽ പൂർത്തീകരിച്ചു. പ്രവൃത്തി ആരംഭിച്ച തീയതി മുതൽ പൂർത്തീകരിച്ച തീയതി വരെയുള്ള ദിവസങ്ങൾ 111 മാത്രമുള്ളപ്പോഴാണ് 140 ദിവസം പരിപാലിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

2. സൈറ്റ് ക്ലിയർ ചെയ്ത് തടം എടുത്ത 2000 തൈകൾ നടുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 367 തൊഴിൽദിനങ്ങൾ ആവശ്യമാണ്. 02-12-21 ൽ ആരംഭിച്ച പ്രവൃത്തി 2000 തൈകൾ നടുന്നതിന് എടുക്കുന്നത് 367 തൊഴിൽ ദിനങ്ങൾ എന്ന് കണക്കാക്കിയാൽ മസ്റ്റർ റോൾ പ്രകാരം വരുന്ന തീയതി 27-12-21 ആണ്. (മസ്റ്റർ റോൾ നമ്പർ 17058). പിന്നീടുള്ളത് ചെടികളുടെ പരിപാലനമാണ്. ഇതിന് ലഭിക്കുന്ന ദിനങ്ങൾ 28-12-21 മുതൽ പൂർത്തീകരിച്ചതീയതിയായ 22-03-22 വരെയുള്ള 85 ദിവസങ്ങളാണ്. (ഫയൽ പരിശോധിച്ചതിൽ 18-01-22 മുതലാണ് ചെടികളുടെ പരിപാലനം നടത്തിയിട്ടുള്ളത്.) ഇത് പ്രകാരം ടി പ്രവൃത്തിക്ക് അനുവദനീയമായ തൊഴിൽ ദിനങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | സൈറ്റ് ക്ലിയറിങ്ങ് | 105 |
| 2 | എർത്ത് വർക്ക് | 22 |
| 3 | തൈകൾ നടൽ | 240 |
| 4 | പരിപാലനം 84 ദിവസത്തേക്ക്<br>2000 X 85 = 170000 @ 0.0019 | 323 |
| | മൊത്തം | 690 |

എന്നാൽ ടി പ്രവൃത്തിക്കായി ആദ്യ വർഷം (സാമ്പത്തിക വർഷം) അനുവദിച്ചത് 895 തൊഴിൽ ദിനങ്ങളാണ്.(അളവു പുസ്തകം 192/21-22 പേജ് 7) അധികമായി അനുവദിച്ച തൊഴിൽ ദിനങ്ങൾ 205 (895-690).
01-04-22 മുതൽ വ്യക്തിഗത പ്രവൃത്തികൾക്ക് പരിപാലനം നൽകുവാൻ പാടുള്ളതല്ല എന്നത് പ്രകാരം തൻവർഷം എസ്റ്റിമേറ്റിൽ അധികരിക്കാതെ തന്നെ തൊഴിൽ ദിനങ്ങൾ നൽകിയെന്നാണ് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-12/09-01-23)മറുപടി നൽകിയിരിക്കുന്നത്. ആവശ്യമായ തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിന് പകരം അടുത്ത സാമ്പത്തിക വർഷം മുതൽ വ്യക്തിഗത പ്രവൃത്തികൾക്ക് പരിപാലനം പാടില്ലാത്തതിനാൽ കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നത് അധികച്ചെലവിനിടയാക്കുന്നു. അതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരസ്യം നൽകിയതിന് തുകഅനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല

പ്രോജക്ട് - പദ്ധതി രൂപീകരണച്ചെലവ് (സ്പിൽ ഓവർ പ്രോജക്ട്)

പ്രോജക്ട് നമ്പർ - S0082/22

ചെലവ് - 15/14-01-22 രൂപ 45920/-

മംഗളം, വീക്ഷണം ദിനപത്രങ്ങളിൽ വിൻഡോ പരസ്യം നൽകിയതിന് യഥാക്രമം 13920/- രൂപയും 32000/-രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

വീക്ഷണം ദിനപത്രത്തിൽ പരസ്യം നൽകിയതിന് വിവിധ ബില്ലുകൾ പ്രകാരം 32000/- രൂപ അനുവദിച്ചപ്പോൾ അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചില്ല. ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 04-01-2011, ഉത്തരവ് നം. ജി.ഒ(പി)നം.2/2020 തീയതി.10.12.2020 എന്നിവപ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ പരസ്യങ്ങൾക്ക് 4800/-രൂപ (32000 @15%) ഡിസ്കൗണ്ട് ലഭിക്കേണ്ടതായിരുന്നു. എന്നാൽ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിക്കാതെയാണ് പത്രസ്ഥാപനം പരസ്യ ചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് ടി ബില്ലുകൾ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തത്. നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -9/09-01-23) മറുപടി നൽകിയില്ല.

## 3-2 കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ പ്രകാരം തുക നല്കി - നഷ്ടം -7628/-

പ്രോജക്ട് നം. 70/21-22 - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ –
അടങ്കൽ – 300743/- (വികസന ഫണ്ട് – പൊതുവിഭാഗം)
ചെലവ് – 300743/-

1. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 25 പൾസ് ഓക്സി മീറ്റർ വാങ്ങിയിട്ടുണ്ട്. ആയതിനായി ലഭ്യമാക്കിയ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹോളിസ്റ്റിക് ഹൈജീൻ പ്രോഡക്ട്സ് & സർവ്വീസസ് എന്ന സ്ഥാപനത്തിന്റെ 30.4.2021 തീയതി രേഖപ്പെടുത്തിയ രണ്ട് ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ക്വട്ടേഷനുകളിൽ ഒരെണ്ണം 1500/- രൂപയും 13% നികുതിയും രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ക്വട്ടേഷനിൽ ആയത് 1770/- രൂപയും 13% നികുതിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 01.05.2021 ലെ 1500/- രൂപ നിരക്കിലുള്ള ടാക്സ് ഇൻവോയ്സും (തുക 42375/-) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 01.05.2021 ലെ തന്നെ 1770/- രൂപ നിരക്കിലുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളത് (തുക – 50003/-). ലഭ്യമായ രണ്ട് ടാക്സ് ഇൻവോയ്സുകളുടെയും നമ്പരും തീയതിയും 268/1.5.2021 എന്നതാണ്. ട്രഷറി ബിൽ (BRN No.) 0082757/25.5.21, രൂ.106140/-

2. കേവലം രണ്ടാഴ്ചയ്ക്കുശേഷം 17.05.2021 ൽ യുണീക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും ടാക്സ് ഇൻവോയ്സ് നം. 27 പ്രകാരം 1200/- രൂപ നിരക്കിൽ (നിരക്ക് 1061.95 + 13% നികുതി) 25 പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട് (ട്രഷറി ബിൽ (BRN No.) 0082764/25.5.21, രൂ.30000/-). ഈ സ്ഥാപനത്തിൽ നിന്നും പൾസ് ഓക്സി മീറ്റർ വാങ്ങുന്നതിനുള്ള ക്വട്ടേഷനോ, വാങ്ങുന്നതിനുള്ള തീരുമാനമോ, അംഗീകാരമോ ഫയലിൽ ലഭ്യമല്ല.

3. ട്രഷറി ബിൽ (BRN No.) 1124971/14.2.22, രൂ.67265/- പ്രകാരം ഹോളിസ്റ്റിക് ഹൈജീൻ പ്രോഡക്ട്സ് & സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് മെഡിസിൻ ട്രോളികൾ, എസ്.എസ്. ട്രേ എന്നിവ ഉൾപ്പെടെ വിവിധ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. മേൽ സാധനങ്ങൾ വാങ്ങിയതിന്റെ ക്വട്ടേഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രകാരം സാധനവിലയിൽ വലിയ വ്യത്യാസം വന്നതിനും ഒരേ സ്ഥാപനത്തിന്റെ ഒരേ തീയതിയിലെ രണ്ടു ക്വട്ടേഷനുകൾ ലഭ്യമാക്കുകയും തൊട്ടടുത്ത ദിവസത്തെ ഒരേ നമ്പരിലുള്ള രണ്ട് ടാക്സ് ഇൻവോയ്സുകളിൽ കൂടുതൽ തുകയുള്ള ഇൻവോയ്സ് പ്രകാരം തുക നല്കിയതിനും വിശദീകരണം ലഭ്യമാക്കുവാനും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകളും ഹാജരാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/7.01.23) മറുപടി ലഭ്യമാക്കിയില്ല.
ആദ്യഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പൾസ് ഓക്സി മീറ്റർ വാങ്ങുന്നതിനായി അധികം നല്കിയ തുക 7628/-(50003-42375) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റു ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ക്വട്ടേഷൻ വിവരങ്ങളും സ്റ്റോക്ക് വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-3 നെൽകൃഷി വികസനം - ഫണ്ട് വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

കൃഷി ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ നെൽ കൃഷി വികസനം (പ്രോ.നം -52/22) എന്ന പ്രോജക്ടിനായി വകയിരുത്തിയ പദ്ധതി വിഹിതത്തിൽ നിന്നും ഓഫീസ് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചതായി കാണുന്നു. നെൽ കൃഷി വികസനം എന്ന പ്രോജക്ടിനായി ആകെ 46580/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 990 കിലോഗ്രാം നെൽ വിത്ത് വാങ്ങുന്നതിനായി 41580/- രൂപയും അൺലോഡിംഗ് ചാർജ്ജിനത്തിൽ 900/- രൂപയും ഉൾപ്പെടെ 42480/- രൂപയാണ് പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന 4100/- രൂപ ഓഫീസ് ആവശ്യത്തിനായുള്ള ചൂല്, ബക്കറ്റ്, ഫോട്ടോകോപ്പി പേപ്പർ എന്നിവ വാങ്ങുന്നതിനും കമ്പ്യൂട്ടർ മെയിന്റനൻസിനുമാണ് വിനിയോഗിച്ചിട്ടുള്ളത്.

നെൽ വിത്ത് വാങ്ങൽ എന്ന പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ നിന്നും ഇത്തരത്തിലുള്ള സ്റ്റേഷനറി ചെലവുകൾക്കായി തുക വിനിയോഗിച്ചത് ക്രമവിരുദ്ധമാണ്. ഡി.പി.സി അംഗീകരിച്ച പ്രോജക്ട് പ്രകാരമാണ് തുക വിനിയോഗിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 06/7.1.23) മറുപടി നൽകിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ക്രമവിരുദ്ധമായി ചെലവഴിച്ച 4100/- രൂപ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 01/ 20.10.21 – 41580/-

ബിൽ നം 02/ 20.10.21 - 5000/-

## 3-4 ജങ്കാർ നടത്തിപ്പ് - വാടകയിനത്തിൽ അധികം നൽകിയത് 4350/- രൂപ

പ്രോജക്ട് - ജങ്കാർ നടത്തിപ്പ്

പ്രോജക്ട് നമ്പർ - S0009/22

ചെലവു വിവരം - ബിൽ നമ്പർ 43/2303-22 രൂപ 186386/-

വൗച്ചർ നമ്പർ 22100944/24-03-22 രൂപ 95639/-

വാത്തികാട് പൂത്തോട്ട ജങ്കാർ സർവ്വീസ് നടത്തുന്ന KSINCയുടെ ഉടമസ്ഥതയിലുള്ള ജങ്കാർ വാടകയ്ക്ക് എടുത്തിട്ടാണ്. പ്രതി ദിന വാടക 14500/- രൂപയാണ്. ഒരു ദിവസം 20 ട്രിപ്പ് നടത്തുന്നതിനാൽ ഒരു ട്രിപ്പിന് 725/-രൂപ (14500/20) നിരക്കിലാണ് വാടകയിനത്തിൽ നൽകുന്നത്. 02-09-21 ൽ വെച്ച കരാർ പ്രകാരം ട്രിപ്പ് മുടക്ക വരുന്ന ദിവസങ്ങളിൽ വാടക ഇളവു ചെയ്തു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നു. 2022 ഫെബ്രുവരി മാസം 389 ട്രിപ്പ് നടത്തിയതിന് 725/-രൂപ നിരക്കിൽ 282025/- രൂപ KSINCയ്ക്ക് നൽകിയിട്ടുണ്ട്. ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ 02-02-2022 ൽ ജങ്കാർ 14 ട്രിപ്പ് മാത്രമാണ് നടത്തിയത്. എന്നാൽ 20 ട്രിപ്പ് നടത്തിയെന്ന് കണക്കാക്കിയാണ് തുക അനുവദിച്ചിരിക്കുന്നത്. അധികം നൽകിയ 6 ട്രിപ്പിന്റെ തുക 4350/- (6X725) KSINC യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-11/09.01.23) മറുപടി നൽകിയില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| | 2021-22 | 108402 | സ്കോളർഷിപ്പ് | 108402 | 0 |
| | 2021-22 | 201768 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 201768 | 0 |
| | 2021-22 | 350000 | ലൈഫ് | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് | 200000 | 0 |
| | 2021-22 | 105297 | സ്കോളർഷിപ്പ് | 105297 | 0 |
| | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | 2021-22 | 129310 | പാലിയേറ്റീവ് | 129310 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2210098<br>22101015 | 12693<br>201768 | | 12693<br>201768 |

| | | | | | | |
|---|---|---|---|---|---|---|
| | | 22101003 | 215507 | | 215507 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ മുൻകൂറുകളൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ജി.ഒ.എം.എസ് 68/18/തസ്വഭവ 18.5.2018 | 0 | 21438498 | 1892000 | | 19546498 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42529234 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41899517 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20878 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3601243 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 4800 | ശ്രീ. ജോയ് മാത്യു, സെക്രട്ടറി |
| 3-2 | | 7628 | ഡോ.ഷാഹുൽ കെ.ബി., മെഡിക്കൽ ഓഫീസർ |
| 3-3 | | 4100 | ശ്രീമതി. അന്ന ആർ നായർ, കൃഷി ഓഫീസർ |
| 3-4 | | 4350 | ശ്രീ. ജോയ് മാത്യു, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | | 20878 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 364380 | ശ്രീ.ജോയ് മാത്യു, സെക്രട്ടറി |
| 1-24 | 1379228 | ശ്രീ.ജോയ് മാത്യു, സെക്രട്ടറി |
| 1-25 | 63635 | ലീന ഡെന്നീസ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 1-29 | 270000 | ഡോ.ഷാഹുൽ കെ.ബി., മെഡിക്കൽ ഓഫീസർ |
| 1-31 | 1524000 | ശ്രീ.ജോയ് മാത്യു, സെക്രട്ടറി |
| ആകെ | 3601243 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയ് മാത്യു, സെക്രട്ടറി | ലഭ്യമാക്കിയില്ല | കായൽച്ചിറ ഹൗസ്,<br>കൈനകരി പി.ഒ, ആലപ്പുഴ |
| അനു ആർ നായർ,<br>കൃഷി ഓഫീസർ | കൃഷി ഭവൻ പെരുമ്പളം | ശ്രേയസ്, കൈത്തറി ജംഗ്ഷൻ,<br>പൂച്ചാക്കൽ |
| ഡോ.ഷാഹുൽ കെ.ബി., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>FHC, പെരുമ്പളം | വൃന്ദാവനം, തിരുനെല്ലൂർ പി.ഒ,<br>ചേർത്തല |
| ലീന ഡെന്നീസ്,<br>ഫിഷറീസ് ഇൻസ്പെക്ടർ | ലഭ്യമാക്കിയില്ല | പുത്തൻവെളി ഹൗസ്,<br>എസ്.എൽ.പുരം.പി.ഒ,<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ5-1832/11/16-01-12 |
| 1997-98 | എൽ.എഫ്.ജി.എ5 -1832/11/16-01-12 |
| 2001-02 | എൽ.എഫ്.ജി.എ5-1832/11/16.1.2012 |
| 2006-07, 07-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/14.12.2012/8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17, 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/2018/05.09.2018 |

| | |
|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി4-119/2020 തീയതി.29.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി4-382/2021 തീയതി, 12.04.21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി4-655/2022 തീയതി, 03.07.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്